## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2485 18.02.2016 -ൽ മറുപടിക്ക്

### ആദിസർഗ്ഗ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.ദിവാകരൻ** | | **ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)** | |
| എ) | പട്ടിക വർഗ്ഗ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി "ആദിസർഗ്ഗ" എന്ന പേരിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | എ) | എംപ്ലോയ്മെന്റ് വകുപ്പിലൂടെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരിലൂടെ തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു നൂതന പദ്ധതിയാണ് ആദിസർഗ്ഗ. ഈ പദ്ധതി പ്രകാരം ആദിസർഗ്ഗ കേന്ദ്ര എന്ന പേരിൽ അഗളി കേന്ദ്രമാക്കി ആദിവാസികൾക്കുമാത്രമായി ഒരു ട്രൈബൽ എംപ്ലോയബിലിറ്റി - കം- ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ആദിവാസി യുവജനങ്ങളുടെ സ്കിൽ ഗ്യാപ് വിവിധതരം അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ പരിശീലനം നൽകി അവരെ എംപ്ലോയബിൾ ആക്കുവാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കമ്പ്യൂട്ടർ പരിജ്ഞാനവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകുവാനും വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ നൽകുക വഴി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ബാങ്കിംഗ് മേഖലകളിലെ തൊഴിലുകൾ നേടിയെടുക്കു ന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആദിസർഗ്ഗ കേന്ദ്രക്കായി AHADS ന്റെ ബിൽഡിംഗ് ഗ്രാമവികസന വകുപ്പ് വിട്ടുനൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ